**കേരള സർക്കാർ**

സംഗ്രഹം

പബ്ലിക് സർവ്വീസസ്—കോമൺ കാറ്റഗറിയിൽപ്പെട്ട ഡ്രൈവർമാർക്ക് പൊതുവായ യൂണിഫോം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ്

സ. ഉ. (കൈ.) നമ്പർ 1/2019/ഉ.പ.ഭ.വ. *തിരുവനന്തപുരം, 2019 ജനുവരി 21.*

---

പരാമർശം:—(1) സ. ഉ. (പി.) നമ്പർ 120/1973/പി. ഡി. തീയതി 30-4-1973.

(2) സ. ഉ. (പി.) നമ്പർ 23/2003/ഉ.ഭ.പ.വ. തീയതി 14-8-2003.

(3) സ. ഉ. (കൈ.) നമ്പർ 393/2016 (27)/ധന. തീയതി 6-10-2016.

(4) സർക്കുലർ നമ്പർ 38/2017/ധന. തീയതി 23-5-2017.

(5) സ. ഉ. (കൈ.) നമ്പർ 430/2017/ധന. തീയതി 26-9-2017.

(6) കേരള എൻ. ജി. ഒ. യൂണിയൻ ജനറൽ സെക്രട്ടറിയുടെ 14-11-2017-ലെ നിവേദനം.

(7) സ. ഉ. (കൈ.) നമ്പർ 4/2018/ധന. തീയതി 3-1-2018.

(8) കേരള ഗവൺമെന്റ് ഡ്രൈവേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറിയുടെ 23-3-2018-ലെ 123/2018 നമ്പരിലുള്ള നിവേദനം.

## ഉത്തരവ്

ധനകാര്യ വകുപ്പിന് കീഴിലുള്ള ഡ്രൈവർമാർക്ക് കറുപ്പ് നിറത്തിലുള്ള പാന്റ്സ്, വെള്ള നിറത്തിലുള്ള ഷർട്ട് എന്ന രീതിയിൽ യൂണിഫോം നിശ്ചയിച്ച് പരാമർശം (5), (7) എന്നിവപ്രകാരം ഉത്തരവായിരുന്നു.

2. സമാനമായ രീതിയിൽ എല്ലാ സർക്കാർ വകുപ്പുകളിലെയും കോമൺ കാറ്റഗറിയിൽപ്പെട്ട ഡ്രൈവർമാർക്ക് പൊതുവായ യൂണിഫോം നിശ്ചയിച്ച് ഉത്തരവാകണമെന്ന് ആവശ്യപ്പെട്ട് പരാമർശം (6), (8) എന്നിവപ്രകാരം നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിട്ടുണ്ട്.

GCPT. 3/666/2019/500/S-11.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ പ്രത്യേകമായി പരാമർശിച്ചതൊഴികെയുള്ള (എൻ. സി. സി., വിനോദസഞ്ചാരം, പോലീസ്, എക്സൈസ്, സൈനികക്ഷേമം, ആഭ്യന്തരം) എല്ലാ വകുപ്പുകളിലെയും കോമൺ കാറ്റഗറിയിൽപ്പെട്ട ഡ്രൈവർ (Medium, Heavy Passenger, Goods Vehicle), ഡ്രൈവർ (Light Motor Vehicle) തസ്തികയുടെ യൂണിഫോം കറുപ്പ് നിറത്തിലുള്ള പാന്റ്സ്, വെള്ള നിറത്തിലുള്ള ഷർട്ട് എന്ന രീതിയിൽ നിശ്ചയിച്ച് ഉത്തരവാകുന്നു.

4. യൂണിഫോം അലവൻസിന് അർഹതയുള്ള എല്ലാ ഡ്രൈവർമാരും ഡ്യൂട്ടി സമയത്ത് യൂണിഫോം നിർബന്ധമായും ധരിക്കേണ്ടതാണ്. പരാമർശം (4)-ലെ നിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കും യൂണിഫോം അലവൻസ് അനുവദിക്കുന്നത്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

കെ. ഗോപാലകൃഷ്ണ ഭട്ട്,
*സെക്രട്ടറി.*

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും.

എല്ലാ വകുപ്പുമേധാവികൾക്കും.

രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ, എറണാകുളം/ തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

അഡ്വക്കേറ്റ് ജനറൽ (കേരളം), എറണാകുളം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സംസ്ഥാന ഇലക്ഷൻ കമ്മീഷൻ, തിരുവനന്തപുരം.

സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

ഓഫീസ് കോപ്പി/കരുതൽ ഫയൽ.